**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3064** **14-02-2024 - ൽ മറുപടിയ്ക്ക്**

**നദികളിലെ മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളിലെ മാലിന്യ നിക്ഷേപം തടയേണ്ടതിന്റെയും ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നദികളിലെയും മറ്റ് ജല സ്രോതസ്സുകളിലെയും മാലിന്യ നിക്ഷേപം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മാലിന്യ നിക്ഷേപം ഇല്ലാതാക്കുന്നതിനാവശ്യമായ ബോധവൽകരണവും പ്രചാരണ പ്രവൃത്തികളും തുടർച്ചയായി നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ലോക ജലദിനം (മാർച്ച് 22), ലോക തണ്ണീർത്തട ദിനം (ഫെബ്രുവരി 2), ലോക പരിസ്ഥിതി ദിനം (ജൂൺ 5) എന്നിവയോടനുബന്ധിച്ച് പ്രവർത്തനങ്ങൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ഹരിത കേരള മിഷൻ, കുടുംബശ്രീ തുടങ്ങിയവയുമായി സഹകരിച്ച് നടപ്പിലാക്കാറുണ്ട്. കൂടാതെ ജലാശയങ്ങളോട് ചേർന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ആരാധാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നവകേരളം കർമ്മപദ്ധതി-II, തൊഴിലുറപ്പ പദ്ധതി, കുടുംബശ്രീ ജില്ലാ മിഷനുകൾ, എൻ.എസ്.എസ് യൂണിറ്റുകൾ തുടങ്ങിയവയുമായി സഹകരിച്ച് ജലസംരക്ഷണം, ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം, മാലിന്യ നിക്ഷേപം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ, സുസ്ഥിര ജല പരിപാലനത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ബി) | ഇതിനായി നടപ്പുവർഷം എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നദികളിലെയും മറ്റ് ജല സ്രോതസ്സുകളിലെയും മാലിന്യ നിക്ഷേപം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മാലിന്യ നിക്ഷേപം ഇല്ലാതാക്കുന്നതിനാവശ്യമായ ബോധവൽകരണവും പ്രചാരണ പ്രവൃത്തികളും തുടർച്ചയായി നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ലോക ജലദിനം (മാർച്ച് 22), ലോക തണ്ണീർത്തട ദിനം (ഫെബ്രുവരി 2), ലോക പരിസ്ഥിതി ദിനം (ജൂൺ 5) എന്നിവയോടനുബന്ധിച്ച് പ്രവർത്തനങ്ങൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ഹരിത കേരള മിഷൻ, കുടുംബശ്രീ തുടങ്ങിയവയുമായി സഹകരിച്ച് നടപ്പിലാക്കാറുണ്ട്. കൂടാതെ ജലാശയങ്ങളോട്ടു ചേർന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ആരാധാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നവകേരളം കർമ്മപദ്ധതി-II, തൊഴിലുറപ്പ പദ്ധതി, കുടുംബശ്രീ ജില്ലാ മിഷനുകൾ, എൻ.എസ്.എസ് യൂണിറ്റുകൾ തുടങ്ങിയവയുമായി സഹകരിച്ച് ജലസംരക്ഷണം, ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം, മാലിന്യ നിക്ഷേപം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ, സുസ്ഥിര ജല പരിപാലനത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ട്. |
| (സി) | നദികളിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ/എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ; | (സി) | 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും, ഇവയിൽ തുടർ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. നദികളിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ/ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഹരിതകേരള മിഷൻ, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ | (ഡി) | ഹരിതകേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളേയും ഏജൻസികളേയും |

| | |
|---|---|
| പങ്കാളിത്തത്തോടെ പുഴകളെയും തണ്ണീർത്തടങ്ങളെയും കുളങ്ങളെയും വീണ്ടെടുക്കുവാൻ ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ? | ഏകോപിപ്പിച്ച് ജലവിഭവ സംരക്ഷണത്തിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലം, ബ്ലോക്ക്തലം, ജില്ലാതലം എന്നിവിടങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അപ്രകാരം രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികളിൽ ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രതിനിധികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പ്രതിനിധികളും വിദഗ്ധ സന്നദ്ധപ്രവർത്തകരും അംഗങ്ങളാണ്. ജലസേചന വകുപ്പ് എഞ്ചിനീയർ ആണ് ഈ സാങ്കേതിക സമിതിയുടെ കൺവീനർ. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകളും പൂർത്തിയാക്കി. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ മുൻഗണനാ ക്രമത്തിൽ നിർവ്വഹിച്ചുവരുന്നു.<br><br>ഹരിതകേരള മിഷൻ രൂപീകൃതമായതിനുശേഷം 412 കി.മി. പുഴകൾ ജനകീയമായി പുനരുജ്ജീവിപ്പിച്ചു. ഇതിനുപുറമേ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്താകെ 28049 കിലോമീറ്റർ തോടുകളും 2927 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 4547 കുളങ്ങൾ നിർമ്മിക്കുകയും 7928കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മാതൃകാ ബ്ലോക്കുകളിൽ ജലബജറ്റ് നടപ്പിലാക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഒരു പ്രദേശത്ത് ഒരു ചെറിയ കാലയളവിൽ ലഭ്യമായ ജലത്തിന്റെയും ആ പ്രദേശത്തെ ആ കാലയളവിലെ ആകെ ജല ആവശ്യവും താരതമ്യം ചെയ്ത് ഓരോ കാലയളവിലും ജലകമ്മിയാണോ ജലമിച്ചമാണോ അനുഭവപ്പെടുന്നത് കണ്ടെത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. തുടർന്ന് ജലകമ്മി അനുഭവപ്പെടുന്ന കാലയളവിൽ അധികജല ലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്താനാകും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആദ്യഘട്ടമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലും ആ ബ്ലോക്കുപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന 94 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 260 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ജല ബജറ്റ് തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജല ലഭ്യത ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി നിർവ്വഹണത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

അടുത്ത കാലത്തായി നമ്മുടെ സംസ്ഥാനത്ത് ഒരു ചെറിയ സമയത്ത് ഉണ്ടാകുന്ന അതിതീവ്ര മഴ ഉയർന്ന പ്രദേശങ്ങളിൽ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും കാരണമാകുന്നുണ്ട്. സുഗമമായ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിൽ പല നീർച്ചാലുകളും പല കാരണങ്ങളാലും അടഞ്ഞുപോയതാണ് ഈ പ്രശ്നത്തിന് ഒരു പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്. അതുകൊണ്ട് തന്നെ ഈ നീർച്ചാലുകൾ ഉൾപ്പെടുന്ന നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന് സഹായകരമായ രീതിയിൽ 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഐ.ടി. മിഷന്റെ കൂടി സഹകരണത്തോടെയും ഈ പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം പൂർത്തീകരണ ഘട്ടത്തിലാണ്. മാപ്പിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.നാളിതുവരെ 280 കി.മീ. നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറു നീർത്തടങ്ങളെ ആസ്പദമാക്കി 'നീരുറവ് ' എന്ന പേരിൽ ജലസംരക്ഷണത്തിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കി നിർവഹണം നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ പ്രവർത്തനം ഹരിതകേരളം മിഷന്റെ കൂടി നേതൃത്വത്തിൽ കൂടുതൽ വിപുലമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി വരുന്നു. 2017-18-ൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകൾ കൂടി പരിഗണിച്ചുകൊണ്ടാണ് നീരുറവ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതിയുടെ ഭാഗമായി മാപിംഗ് നടത്തിയ തദ്ദേശ സ്വയംഭരണ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയ പഞ്ചായത്തുകളിലും ഇവയിലൂടെ കണ്ടെത്തിയ പ്രവൃത്തികൾക്ക് നീരുറവ് പദ്ധതിയിൽ മുൻഗണന നൽകി നിർവഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# മാലിന്യം നിക്ഷേപിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ /സ്വീകരിച്ച നടപടികൾ

| Sl No | ഡിവിഷൻ ഓഫീസിന്റെ പേര് | വർഷം | ജില്ല | ജലസ്രോതസ്സിന്റെ പേര് | മാലിന്യം നിക്ഷേപിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ/സ്വീകരിച്ച നടപടികൾ | വിവരങ്ങൾ സമർപ്പിച്ച കാര്യാലയത്തിന്റെ പേര് |
|---|---|---|---|---|---|---|
| 1 | എം ഐ ഡിവിഷൻ ഇടുക്കി | 2019 | ഇടുക്കി | മേലെ ചെമ്മണ്ണാൻ തോട്ടിൽ സെപ്റ്റിക് ടാങ്ക് വേസ്റ്റ് നിക്ഷേപിച്ചത് സംബന്ധിച്ച് | പോലിസ് സ്റ്റേഷൻ ഉടുമ്പൻചോല CR 171/2019 | Superintending Engineer,Minor Irrigation Circle,Ernakulam |
| 2 | MVIP Division No.3, Muvattupuzha | 2020 | Ernakulam | Canal near Mamalassery Minor Distributory ch.3200m | Case No.66/0200201/2020 CNRKLEPR 550013822020 Punished and remitted fine for Rs 2700 | Superintending Engineer, MVIP , Muvattupuzha |
| 3 | ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം | 2021 | തിരുവനന്തപുരം | നെയ്യാർ നദി | ശ്രീ. ഫ്രാങ്ക്ളിൻ, അന്ന പിഗ് ഫാം, മാമൂട്ടിൽ, ഇഞ്ഞന്നൂർ, ഒറ്റശേഖരമംഗലം പി.ഒ എന്ന വ്യക്തി നെയ്യാറിൽ തന്റെ പിഗ് ഫാമിലുള്ള ഭക്ഷണ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് വേസ്റ്റുകളും നിക്ഷേപിക്കുന്നു എന്ന പരാതി ലഭിച്ചതിനെതുടർന്ന് ശ്രീ. ഫ്രാങ്ക്ളിന് 05-11-2021-ന് നോട്ടീസ് നൽകുകയും അതിനെതുടർന്ന് ടി വ്യക്തി പ്രസ്തുത സ്ഥലം ശുചീകരിച്ച് നിലവിൽ പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്. | Superintending Engineer,Irrigation South Circle,Trivandrum |
| 4 | ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2021 | കൊല്ലം | കൊല്ലം തോട് | കൊല്ലം ശിശു സംരക്ഷണ സമിതിയുടെ കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് മാലിന്യം കൊല്ലം തോടിലേക്കു ഒഴുക്കിവിടുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ശിശു സംരക്ഷണ സമിതിയുടെ സൂപ്രണ്ടിനെ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കൊല്ലം കാര്യാലയത്തിൽ 29 10 2021 നു വിളിച്ചു വരുത്തി താക്കീതു നൽകി | Director ,Inland Navigation Directorate,Kollam |
| 5 | ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം | 2022 | തിരുവനന്തപുരം | ആമയിഴഞ്ചാൻ തോട്, | ഇരുട്ടിന്റെ മറവിലാണ് സാമൂഹികവിരുദ്ധർ വേസ്റ്റ് തോട്ടിൽ തള്ളുന്നത് ഇവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ ഭരണകൂടം തന്നെ പോലീസിനും കോർപ്പറേഷനും ഹെൽത്ത് വിംഗിനും നിർദ്ദേശം നൽകിയിട്ടുണ്ട് | Superintending Engineer,Irrigation South Circle,Trivandrum |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം | 2022 | തിരുവനന്തപുരം | നെയ്യാർ നദി | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പഴയകോട്ടപ്പുറത്തിനു സമീപം നെയ്യാറിൽ ശ്രീ.ഗംഗാധരൻ എന്ന വ്യക്തി KL-01-BU-7387 നമ്പർ ഓട്ടോറിക്ഷയിൽ ബാർബർഷോപ്പിലെ വേസ്റ്റായ മുടി നെയ്യാറിൽ ഒഴുക്കിയതായി പഴയ കോട്ടപ്പുറം നിവാസികൾ കളക്ടറേറ്റ് കൺട്രോൾ റൂമിൽ അറിയിച്ചതിനെതുടർന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർ, നെയ്യാർ ഡാം പോലീസ് സ്റ്റേഷനിൽ (29.07.2022-ൽ) പരാതി നൽകിയിട്ടുണ്ട് | Superintending Engineer,Irrigation South Circle,Trivandrum |
| 7 | ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | കൊല്ലം | അഷ്ടമുടികായൽ | പരിസ്ഥിതി സംബന്ധിച്ച സമിതി മുൻപാകെ ലഭിച്ച നിവേദനത്തെ തുടർന്ന് നീണ്ടകര പഞ്ചായത്തിലെ നെറ്റോസ് മറൈൻ എക്സ്പോർട്സ് എന്ന സ്ഥാപനം അഷ്ടമുടി കായലിലേക്ക് മാലിന്യം കലർന്ന വെള്ളം ഒഴുക്കി വിടുന്നത് അടക്കുവാൻ നിർദ്ദേശം നൽകിയത് അവഗണിച്ചതിൻറെ അടിസ്ഥാനത്തിൽ ചവറ പോലീസ് സ്റ്റേഷനിൽ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കൊല്ലം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട് | Director ,Inland Navigation Directorate,Kollam |
| 8 | ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | കൊല്ലം | ടി എസ് കനാൽ | ശ്രീ ഹരീഷ് , താഴ്ചയിൽ , അയണി സൗത്ത് , കരുനാഗപ്പള്ളി എന്ന വ്യക്തി ശൗചാലയത്തിൽ നിന്നുള്ള മലിനജല പൈപ്പ് കായലിലേക്ക് സ്ഥാപിച്ചിരിക്കുന്നത് മാറ്റുവാൻ പല പ്രാവശ്യം ആവശ്യപെട്ടിട്ടും മാറ്റാത്ത സാഹചര്യത്തിൽ ടീയാനെതിരെ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കൊല്ലം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട് | Director ,Inland Navigation Directorate,Kollam |
| 9 | ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | കൊല്ലം | അഷ്ടമുടികായൽ | ശ്രീ ശിവപ്രസാദ് ആർ , ഉദയമംഗലം വെള്ളിത്തുരുത് , നീണ്ടകര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എസ് എസ് മറൈൻസ് എന്ന ഫാക്ടറിയിൽ നിന്നുമുള്ള ദ്രവമാലിന്യപൈപ്പ് കായലിലേക്ക് സ്ഥാപിച്ചിരിക്കുന്നത് മാറ്റുവാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും മാറ്റാത്ത സാഹചര്യത്തിൽ ടീയാനെതിരെ ചവറ പോലീസ് സ്റ്റേഷനിൽ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കൊല്ലം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട് | Director ,Inland Navigation Directorate,Kollam |
| 10 | ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | തിരുവനന്തപുരം | ടി എസ് കനാൽ | ചന്ദ്രൻ ,ജെയ്സൺ കോട്ടേജ് ,ചിറ്റാറ്റുമുക്ക് എന്ന വ്യക്തിയുടെ പേരിൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ 04.05.2022 ന് 104/D.T.P.N /K.Z.K.M.P.S /2022 നം പ്രകാരം ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട് | Director ,Inland Navigation Directorate,Kollam |

| | | | | | | |
|---|---|---|---|---|---|---|
| 11 | എം ഐ ഡിവിഷൻ ഇടുക്കി | 2022 | ഇടുക്കി | താന്നിമൂട് ഭാഗത്തെ കുടിവെള്ള ടാങ്കിൽ രാസവസ്തു കലർത്തിയത് സംബന്ധിച്ച് | പോലീസ് സ്റ്റേഷൻ നെടുങ്കണ്ടം CR 37/22 | Superintending Engineer,Minor Irrigation Circle,Ernakulam |
| 12 | കെ.ഐ പി (ഡിവിഷൻ നം .5) . കൊല്ലം. | 2022 | കൊല്ലം | കെ.ഐ.പി | പെറ്റിഷൻ നം -381/DPTN/2022/M<br>പോലീസ് സ്റ്റേഷൻ -ചാത്തന്നൂർ പോലീസ്<br>ചെയിനേജ്-7000 മീറ്റർ<br>ഡിസ്ട്രിബ്യൂട്ടറി-പരവൂർ<br>വർഷം/തിയതി 2022, 20.04.2022<br>പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 7000 മീറ്റർ സമീപത്തെ കെ.ഐ.പി കനാൽ വക വസ്തുവിൽ ആട്ടോ വേയ്സ്റ്റ് നിക്ഷേപിച്ചതിനാണ് പെറ്റിഷൻ ഫയൽ ചെയ്തത് | Superintending Engineer,KIP(RB) Circle,Kottarakkara |

സെക്ഷൻ ഓഫീസർ